# 'വിശ്വാസം'

### മർക്കൊസ് 2:4

''പുരുഷാരം നിമിത്തം അവനോടു സമീപിച്ചു കൂടായ്കയാൽ അവൻ ഇരുന്ന സ്ഥലത്തിന്റെ മേൽപ്പുര പൊളിച്ചു തുറന്നു, പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കി വെച്ചു.''

കർത്താവിന്റെ വചനം കേൾക്കാൻ തടിച്ചു കൂടിയതായ ഒരു ജനസമൂഹത്തെ ആണല്ലോ നാം ഇവിടെ കാണുന്നത്. കർത്താവിന്റെ അടുത്തേക്ക് എത്തുവാൻ പക്ഷവാതക്കാരന് യാതൊരു സാഹചര്യങ്ങളും അനുകൂലമല്ലായിരുന്നു എന്ന് വ്യക്തം. അതിനാൽ മേൽക്കൂര പൊളിച്ചു രോഗിയെ ഇറക്കി വെച്ചു.

പ്രതികൂലങ്ങളായ എല്ലാ അനുഭവങ്ങളുടെയും സാഹചര്യങ്ങളുടെയും നടുവിലും പക്ഷവാതക്കാരനെ കൂട്ടിക്കൊണ്ട് വന്നവർക്ക് ഒരാഗ്രഹം മാത്രമെ ഉണ്ടായിരുന്നുള്ളു. അതേ അവന്റെ അടുക്കലേക്ക് എങ്ങനെയെങ്കിലും എത്തിച്ചേരണം. യേശുവിനെ ആഴമായി അവർ വിശ്വസിച്ചു. വിശ്വാസം ഒന്നു മാത്രമാണ് സകല അതിരുകളെയും മറികടക്കാൻ അവർക്ക് ശക്തി നൽകിയത്. കർത്താവിന്റെ അടുക്കലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തികൾക്കും ഇങ്ങനെയാണ് വഴിയും വാതിലുകളും തുറക്കുന്നത്.

രോഗിയെ ചുമന്നുകൊണ്ടു വരുന്നവർ എടുത്ത നിലപാട് എത്ര വലുതും സാഹസികവുമായിരുന്നു. വാതിൽക്കൽപോലും കടന്നുചെല്ലുവാൻ കഴിയാത്ത പുരുഷാരം. പുരമുകളിലേക്ക് എത്ര ബദ്ധപ്പെട്ടായിരിക്കും അവനെ കയറ്റിയത്. എന്നാൽ അവരുടെ പ്രയത്നം തങ്ങൾ ചുമന്നുകൊണ്ടുവന്ന വിഷയത്തിൻമേലുള്ള പരിപൂർണ്ണ വിടുതലിന് ഇടയാക്കി. ഒരുപക്ഷേ ചുമന്നുകൊണ്ട് വന്നപ്പോൾ ആരും അവരെ കടത്തിവിട്ടിട്ടുണ്ടാകില്ല. എന്നാൽ കർത്താവ് അവരെ മാനിച്ചപ്പോൾ, രോഗിയുടെ ഹൃദയത്തിലും ചുമന്നു കൊണ്ടുവന്നവരിലും ഉണ്ടായ വ്യതിയാനം എത്രയോ വലുതായിരുന്നു. മർക്കോസ് 2:12 ൽ പറയുന്നു 'അതുകൊണ്ട് എല്ലാവരും വിസ്മയിച്ചു. ഇങ്ങനെ ഒരു നാളും കണ്ടിട്ടില്ല' എന്നു പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തി.

നമ്മുടെയും ജീവിതത്തിന്റെ മുഴുവൻ താളവും ഇന്ന് കർതൃകരങ്ങളിൽ കൊടുക്കാൻ ഈ വചനം ഇടയാക്കട്ടെ. പ്രാർത്ഥിക്കുന്ന ഏതു വിഷയവും ആകട്ടെ, അത് കർത്താവിന്റെ അടുക്കൽ എത്തണം എന്ന ആഗ്രഹത്തോടെ വിശ്വാസത്തോടെ നമുക്ക് സമീപിക്കാം. ചില ബദ്ധപ്പാടുകൾ അതിനായി കൊടുക്കണം. ചില ഭാരമേറിയ വിഷയങ്ങൾ താഴെവെക്കാതെ ചുമക്കുവാൻ, കണ്ണുനീരു വാർക്കുവാൻ ഒക്കെയും ഈ നാളുകിൽ ഇടയാകട്ടെ.

അഴിയപ്പെടാത്ത ചില മേൽക്കുരകൾ പൊളിച്ചുമാറ്റിത്തന്നെ താഴേക്ക് ഇറക്കി കൊടുക്കാം. കർത്തൃസന്നിധിയിൽ വിഷയങ്ങളെ വിനയത്തോടെ താഴ്ത്തി നമുക്ക് വിട്ടുകൊടുക്കാം. പക്ഷവാതക്കാരന്റെ വിടുതലിന്മേൽ കർത്താവ് പഠിപ്പിച്ച സത്യം, അതേ "ഭൂമിയിൽ പാപങ്ങളെ മോചിക്കാൻ മനുഷ്യപുത്രനു മാത്രമെ അധികാരം ഉള്ളു". അത് പൂർണ്ണമായി വിശ്വസിച്ചു കൊണ്ട്, നാം ഏറ്റെടുത്തിരിക്കുന്ന സകല വിഷയങ്ങളിലും പാപക്കെട്ടുകൾ അഴിക്കാൻ അധികാരമുള്ളവന്റെ കൈയ്യിൽ കൊടുക്കാം. അതേ, അത് ഒരു പൂർണ്ണമായ വിടുതലായിതീരാൻ ഇടയാകട്ടെ. ആഗ്രഹത്തോടെ ഇറക്കിയാൽ പുതുവഴികളും വാതിലുകളും അവൻ തുറക്കും തീർച്ച. സകലരും അപൂർവ്വകാര്യം കണ്ട വിസ്മയത്തോടെ കർത്താവിനെ മഹത്വപ്പെടുത്തുവാൻ നമ്മുടെ ജീവിതങ്ങളെ ഏല്പിച്ചു കൊടുക്കാം. പുര മുകളിലേക്ക് കയറിയപ്പോൾ മറുപടി ഒരുക്കി. സ്വർഗ്ഗീയ ഗോവണിയിലൂടെ മുകളിലേക്കു ചെല്ലുമ്പോൾ കർത്താവ് അതിലൂടെ മറുപടി ഇറക്കി തരും. കർത്താവ് അതിനു നമ്മെ സഹായിക്കട്ടെ, പ്രാർത്ഥിക്കാം.

പരാമർശം :

യോഹന്നാൻ 11:40

യേശു അവളോടു: വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ എന്നു പറഞ്ഞു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 080